# ALL INDIA RADIO, THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## NATIONAL BULLETIN

**DATE : 23.09.2025** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1) ദാദാ സാഹിബ് ഫാൽകെ പുരസ്കാരം ഏറ്റുവാങ്ങി മലയാളത്തിൻറെ അഭിമാനം മോഹൻലാൽ. 71-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരത്തിൽ അഞ്ച് അവാർഡുകളുമായി മലയാളതിളക്കം.

   **Mohanlal receives Dadasaheb Phalke award – a moment of pride for Malayalam cinema. Malayalam shines with five awards at the 71st National Film Awards.**

2) ആയുഷ്മാൻ ഭാരത് ദൗത്യത്തിലൂടെ പൊതുജനാരോഗ്യ മേഖലയിൽ ഇന്ത്യ വിപ്ലവത്തിന് സാക്ഷ്യം വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Through the Ayushman Bharat Mission,India is witnessing a revolution in public healthcare; says Prime Minister Narendra Modi.**

3) ഇന്ത്യയുടെ മൊത്തം സൗരോർജ്ജ ശേഷി മൂവായിരത്തി 343 ജിഗാവാട്ടിലേക്ക് എത്തുന്നതായി കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷി.

   **India's total solar energy capacity reached 3,343 gigawatts, says Union Minister Pralhad Joshi.**

4) **ദീപാവലി, ഛഠ് ഉത്സവങ്ങളോടനുബന്ധിച്ച് പന്ത്രണ്ടായിരം പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്.**

**Railways to run 12,000 special trains for Diwali and Chhath festivals, announces Railway Minister Ashwini Vaishnaw.**

5) **പത്താമത് ദേശീയ ആയുർവേദ ദിനം സമുചിതമായി ആഘോഷിച്ച് രാജ്യം. സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിച്ചു.**

**Nation celebrates the 10th National Ayurveda Day with due honor. State-level inauguration conducted by Minister Veena George.**

6) **ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ- ശ്രീലങ്കയെ നേരിടും. നാളെ ഇന്ത്യ-ബംഗ്ലാദേശ് പോരാട്ടം .**

**In Asia Cup Cricket Pakistan to face Sri Lanka today; India vs Bangladesh match tomorrow.**

*************

**Phalke Award - (Intro)**

മലയാള സിനിമയ്ക്ക് അഭിമാന നിമിഷം. രാഷ്ട്രപതി ദ്രൗപദി മുർമു നടൻ മോഹൻലാലിന് ദാദാ സാഹിബ് ഫാൽകെ പുരസ്കാരം സമ്മാനിച്ചു. ന്യൂഡൽഹിയിലെ വിഗ്യാൻ ഭവനിൽ നടന്ന 71-ാമത് ദേശീയ ചലച്ചിത്ര അവാർഡ് വിതരണ ചടങ്ങിലാണ് രാഷ്ട്രപതി പുരസ്കാരം സമ്മാനിച്ചത്.

(hold - announcement)

ദാദാസാഹിബ് ഫാൽക്കേ പുരസ്കാരം മലയാള സിനിമയ്ക്ക് സമർപ്പിക്കുന്നതായി പുരസ്കാരം ഏറ്റുവാങ്ങിയ മോഹൻലാൽ പറഞ്ഞു.

(hold - mohanlal )

രാഷ്ട്രപതി ദ്രൗപദി മുർമ്മു പുരസ്കാര നേട്ടത്തിൽ മോഹൻലാലിനെ അഭിനന്ദിച്ചു. മോഹൻലാൽ മികച്ച നടനാണെന്ന് ചടങ്ങിൽ പങ്കെടുത്തുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

*****************

## NATIONAL FILM AWARD

മികച്ച നടനുള്ള ദേശീയ പുരസ്കാരം ഷാരൂഖ് ഖാനും വിക്രാന്ത് മാസിയും, മികച്ച നടിക്കുള്ള പുരസ്കാരം റാണി മുഖർജിയും ചടങ്ങിൽ ഏറ്റുവാങ്ങി. മലയാള സിനിമയ്ക്ക് 5 പുരസ്കാരങ്ങളാണ് ലഭിച്ചത്. മികച്ച സഹനടനുള്ള പുരസ്കാരം വിജയരാഘവനും സഹനടിക്കുള്ള അവാർഡ് ഉർവശിയ്ക്കും രാഷ്ട്രപതി സമ്മാനിച്ചു. മികച്ച മലയാള ചിത്രത്തിനുള്ള പുരസ്കാരം ഉള്ളൊഴുക്കിൻറെ സംവിധായകൻ ക്രിസ്റ്റോ ടോമി ഏറ്റുവാങ്ങി. മികച്ച എഡിറ്റിങ്ങിനുള്ള അവാർഡ് മിഥുൻ മുരളിയ്ക്കും നോൺഫീച്ചർ സിനിമാ വിഭാഗത്തിൽ എം കെ രാംദാസിനും പുരസ്കാരം സമ്മാനിച്ചു.

******************

## AYUSHMAN BHARAT

ആയുഷ്മാൻ ഭാരത് - പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന ഇന്ന് ഏഴ് വർഷം പൂർത്തിയാക്കി. 2018 സെപ്റ്റംബറിൽ ഝാർഖണ്ഡിലെ റാഞ്ചിയിലാണ് പദ്ധതി ആരംഭിച്ചത്. ഒരു കുടുംബത്തിന് പ്രതിവർഷം 5 ലക്ഷം രൂപയുടെ ആരോഗ്യ പരിരക്ഷ നൽകുന്ന ലോകത്തെ ഏറ്റവും വലിയ സർക്കാർ ധനസഹായ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിലൂടെ, 12.37 കോടി കുടുംബങ്ങൾക്കാണ് പരിരക്ഷ നൽകിയത്.

******************

## PM-AYUSHMAN BHARAT

ആയുഷ്മാൻ ഭാരത് ദൗത്യത്തിലൂടെ പൊതുജനാരോഗ്യ മേഖലയിൽ ഇന്ത്യ വിപ്ലവത്തിന് സാക്ഷ്യം വഹിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ആയുഷ്മാൻ ഭാരത് ദൗത്യം ഭാവി ആവശ്യങ്ങൾ മുന്നിൽ കണ്ട്, ഉയർന്ന നിലവാരവും താങ്ങാനാവുന്ന വിലയിലും ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നതായും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ പറഞ്ഞു.

******************

## PRADHAN - BUILDATHON EARLY

വിക്സിത് ഭാരത് ബിൽഡത്തൺ 2025 കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. യുവാക്കൾക്കിടയിൽ സർഗ്ഗാത്മകത, സ്വാശ്രയത്വം എന്നിവ വളർത്തിയെടുക്കുക എന്നതാണ് സംരംഭത്തിന്റെ ലക്ഷ്യം. നീതി ആയോഗിന്റെ അടൽ ഇന്നൊവേഷൻ മിഷനുമായി സഹകരിച്ച്

വിദ്യാഭ്യാസ മന്ത്രാലയം അടുത്തമാസം 13 നാണ് പരിപാടി സംഘടിപ്പിക്കുന്നത്.

******************

## Pralhad Joshi

ഇന്ത്യയുടെ മൊത്തം സൗരോർജ്ജ ശേഷി മൂവായിരത്തി 343 ജിഗാവാട്ടിലേക്ക് എത്തിയതായി കേന്ദ്ര പുനരുപയോഗ ഊർജ്ജ മന്ത്രി പ്രൽഹാദ് ജോഷി. ന്യൂഡൽഹിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോളാർ എനർജി തയ്യാറാക്കിയ സോളാർ പൊട്ടൻഷ്യൽ റിപ്പോർട്ട് ചടങ്ങിൽ പുറത്തിറക്കി. റിപ്പോർട്ട് ഇന്ത്യയുടെ സൗരോർജ്ജ സാധ്യതയുടെ മാതൃക ആണെന്ന് കേന്ദ്ര മന്ത്രി പറഞ്ഞു.

******************

## EPFO-JULY

ഈ വർഷം ജൂലൈയിൽ ഇപിഎഫ്ഒ യിൽ 21 ലക്ഷം പേർ കൂടി അംഗങ്ങളായതായി കേന്ദ്ര സർക്കാർ. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 5.55 ശതമാനമാണ് വർധന. ഇതിൽ 9 ലക്ഷത്തിലേറെ പേർ പുതിയ അംഗങ്ങളാണെന്ന് കേന്ദ്ര തൊഴിൽ മന്ത്രാലയം അറിയിച്ചു.

******************

## Railway Minister

ദീപാവലി, ഛഠ് ഉത്സവങ്ങളോടനുബന്ധിച്ച് പന്ത്രണ്ടായിരം പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് . അടുത്തമാസം 1 മുതൽ നവംബർ 15 വരെ പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുമെന്ന് ശ്രീ വൈഷ്ണവ് പറഞ്ഞു.

******************

## Ayurveda Day Celebration - Minister Veena George

പത്താമത് ദേശീയ ആയുർവേദ ദിനം സമുചിതമായി ആഘോഷിച്ച് രാജ്യം. ഗോവയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദയിൽ നടന്ന പരിപാടി കേന്ദ്ര ആയുഷ് സഹമന്ത്രി പ്രതാപ്റാവു ജാദവ് ഉദ്ഘാടനം ചെയ്തു .

സംസ്ഥാനതല ദിനാചരണവും വിവിധ പദ്ധതികളുടെ ഉദ്ഘാടനവും മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് നിർവഹിച്ചു. സംസ്ഥാനത്തെ യോഗാ ക്ലബുകൾ 500 ൽ നിന്ന് 10,000 ലേക്ക് ഉയർന്നതായി മന്ത്രി പറഞ്ഞു. യോഗാ പരിശീലനവുമായി ബന്ധപ്പെട്ട് മൊബൈൽ ആപ്ലിക്കേഷനും ചടങ്ങിൽ പുറത്തിറക്കി.

******************

## PM-SWACCHATA

സ്വച്ഛതാ ഹി സേവ ക്യാമ്പയിനിൽ
സജീവമായി പങ്കാളിയാകാൻ രാജ്യത്തെ ജനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. കൂട്ടായ ഉത്തരവാദിത്തെയും ദേശാഭിമാനത്തെയും പ്രതിഫലിപ്പിക്കുന്നതാണ് ക്യാമ്പയിനെന്ന് ശ്രീ മോദി സമൂഹമാധ്യത്തിൽ കുറിച്ചു. മറ്റന്നാൾ രാവിലെ 8 മണിക്ക് സ്വച്ഛതാ ഉത്സവിലും അതുമായി ബന്ധപ്പെട്ട ശുചീകരണ പരിപാടികളിലും പങ്കെടുക്കാൻ അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു.

******************

## SEVA PARV - PM KAUSHAL VIKAS (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ പ്രധാൻമന്ത്രി കൗശൽ വികാസ് യോജനയിലൂടെ രാജ്യത്തെ യുവാക്കളെ ശാക്തീകരിച്ചതിനെ കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

(വോയ്സ്)

(MUSIC)

രാജ്യത്തെ യുവാക്കളുടെ ശാക്തീകരണം ലക്ഷ്യംവെച്ച് 2015 ജൂലൈ 15 നാണ് പ്രധാൻമന്ത്രി കൗശൽ വികാസ് യോജന ആരംഭിച്ചത്. യുവതലമുറയ്ക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനൊപ്പം ഇതിനായി പുതിയ മന്ത്രാലയം ആരംഭിക്കാനും സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

(pm voice)

യുവതലമുറയ്ക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനൊപ്പം ആഗോളതലത്തിൽ അംഗീകാരം ഉറപ്പാക്കുന്നതിനും സ്കിൽ ഇന്ത്യ മിഷൻ സഹായിക്കുന്നു. നവ ഇന്ത്യയുടെ സുപ്രധാന ഘടകമായി പദ്ധതി മാറിയിട്ടുണ്ട്.

(MUSIC)

******************

## CRICKET

ഏഷ്യ കപ്പ് ക്രിക്കറ്റിൽ ഇന്ന് പാകിസ്ഥാൻ- ശ്രീലങ്കയെ നേരിടും. രാത്രി എട്ടിന് അബുദാബി ഷെയ്ഖ് സൈയിദ് സ്റ്റേഡിയത്തിലാണ് മത്സരം. ഇന്ത്യ-ബംഗ്ലാദേശ് പോരാട്ടം നാളെയാണ്. നിലവിൽ ഗ്രൂപ്പ് എ യിൽ ആറു പോയിന്റുമായി ഒന്നാം സ്ഥാനത്താണ് ഇന്ത്യ.

******************

## KOLKATHA RAIN

കൊൽക്കത്തയിയിൽ കനത്ത മഴ തുടരുന്നു. നഗരത്തിന്റെ പലഭാഗങ്ങളിലും രൂക്ഷമായ വെള്ളക്കെട്ട് രൂപപ്പെട്ടിട്ടുണ്ട്. ശക്തമായ മഴയിൽ വൈദ്യുതാഘാതമേറ്റ് 9 പേർ മരിച്ചു. റോഡ് , റെയിൽ, മെട്രോ സർവീസുകൾ തടസപ്പെട്ടു. നിരവധി എക്സ്പ്രസ്, മെയിൽ ട്രെയിനുകൾ റദ്ദാക്കി. മലയോര മേഖലകളിലൊഴികെയുള്ള സ്കൂളുകൾക്ക് നാളെയും മറ്റന്നാളും സർക്കാർ അവധി പ്രഖ്യാപിച്ചു.

******************

## United Nations General Assembly

യു എൻ പൊതുസഭയുടെ 80-ാമത് സെഷൻറെ ഭാഗമായുള്ള ഉന്നതതല ചർച്ചക്ക് ഇന്ന് ന്യൂയോർക്കിൽ തുടക്കമാകും. ഈ ആഴ്ച നീണ്ടുനിക്കുന്ന സെഷനിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള ലോക നേതാക്കൾ പങ്കെടുക്കും. ഗാസ, ഉക്രയിൻ അധിനിവേശങ്ങളും, പലസ്തീൻ രാഷ്ട്രവാദവും ഉൾപ്പെടെ വിവിധ വിഷയങ്ങൾ ചർച്ചയാകും. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ പൊതുസഭയിൽ ഇന്ത്യയെ പ്രതിനിധീകരിക്കും.

******************

## WORLD FOOD INDIA

വേൾഡ് ഫുഡ് ഇന്ത്യ 2025 ന് ഈ മാസം 25 മുതൽ 28 വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. 100 ലേറെ വിദേശ രാജ്യങ്ങളുടെ പ്രതിനിധികൾ പങ്കെടുക്കും. രാജ്യത്തിന്റെ ഭക്ഷ്യ സംസ്കാരം ലോകത്തിന് പരിചയപ്പെടുകയും മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുകയുമാണ് പരിപാടിയുടെ ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി ചിരാഗ് പാസ്വാൻ പറഞ്ഞു. ഇന്ത്യയെ ആഗോള ഭക്ഷ്യ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള സുപ്രധാന വേദിയായി വേൾഡ് ഫുഡ് ഇന്ത്യ 2025 പ്രവർത്തിക്കുന്നതിനെ കുറിച്ചുള്ള ലേഖനം പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ പങ്കുവെച്ചു.

******************

## GST GENERAL

ജി.എസ്.ടി ഘടനാ പരിഷ്ക്കാരങ്ങൾ നിലവിൽ വന്നതോടെ രാജ്യത്ത് നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെ 400 ലധികം ഉത്പന്നങ്ങൾക്ക് വില കുറഞ്ഞു. ജി.എസ്.ടി നികുതി ഘടന

5 ശതമാനം, 18 ശതമാനം എന്നിങ്ങനെ രണ്ട് സ്ലാബുകളായി ചുരുക്കുന്ന പരിഷ്കാരം ഇന്നലെ മുതലാണ് പ്രാബല്യത്തിൽ വന്നത് .

******************

## Mann Ki Baat

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിൻറെ 126-ാം പതിപ്പ് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. ദൂരദർശന്റെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമായിരിക്കും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 26 വരെ പങ്കുവയ്ക്കാം.

******************

***********

*****